

TUESDAY 04/03/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/03/2025

1. കൊല്ലം @ 75 കൊല്ലം ജില്ലയുടെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പ്രദർശന വിപണന സേവന മേള 2025 മാർച്ച് 3 മുതൽ 10 വരെ, ആശ്രാമം മൈതാനം കൊല്ലത്ത് നടന്നുവരുന്നു. ഇതോടനുബന്ധിച്ച് കാഴ്ചകളുടെ വിസ്മയ മേള, കൊല്ലത്തിൻറെ ചരിത്ര പഥങ്ങളിലൂടെയുള്ള പ്രയാണം, പ്രദർശന വിപണന സ്റ്റാളുകൾ, പുസ്തകമേള, പുസ്തക ചർച്ച, കവിയരങ്ങ് എന്നിവയും വൈകിട്ട് 7 മണിക്ക് കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. നാളികേര വികസന ബോർഡിൻ്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കി ലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമു ള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡിയും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി പ്രജനന കേന്ദ്രത്തിൽ ഒരുദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കുണ്ട്. ആവശ്യമുള്ളവർ കെപ്കോയുടെ കൊട്ടിയം ലെയർ ബ്രീഡർ ഫാമിൽ നേരിട്ട് ബുക്ക് ചെയ്യണം. ഫോൺ: 9495000933, 9495000923. 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

4. തൊഴിൽതീരം - സൗജന്യ ഇൻറർവ്യൂ പരിശീലനം കേരള നോളജ് ഇക്കോണമി മിഷനും മത്സ്യബന്ധനവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിൽതീരം പദ്ധതിയുടെ ഭാഗമായി തൊഴിലന്വേഷകർക്ക് സൗജന്യ ഇന്റർവ്യൂ പരിശീലനം നൽകുന്നു. 'കരിയർ കാറ്റലിസ്റ്റ് പ്രോഗ്രാം' എന്ന പേരിലുള്ള സൗജന്യ പരിശീലനം സംസ്ഥാനത്തെ എല്ലാ തീരദേശ നിയോജകമണ്ഡലങ്ങളിലും സംഘടിപ്പിക്കും. 3000 തൊഴിലന്വേഷകർക്ക് പരിശീലനം പ്രയോജനപ്പെടും. റെസ്യുമെ തയ്യാറാക്കൽ, മോക്ക് ഇൻ്ററർവ്യൂ കമ്മ്യൂണിക്കേഷൻ പരിശീലനം എന്നിവ ഉൾപ്പെടുത്തി ഓരോ ബാച്ചിനും 2 ദിവസത്തെ പരിശീലനമാണ് നൽകുന്നത്. ഇങ്ങനെ 30 പേരടങ്ങുന്ന 100 ബാച്ചുകൾക്ക് പരിശീലനം നൽകും. തൊഴിൽതീരം പദ്ധതിയുടെ ഭാഗമായി മാർച്ച് അവസാനം ജില്ലകളിൽ നടക്കുന്ന തൊഴിൽമേളയുടെ മുന്നോടിയായിട്ടാണ് പരിശീലന പരിപാടി. കരിയർ കാറ്റലിസ്റ്റ് പ്രോഗ്രാമിൻ്റെ ആദ്യ പരിശീലനം കൊല്ലം ജില്ലയിലെ നീണ്ടകരയിൽ നടന്നു. 30 തൊഴിലന്വേഷകർ പരിശീലനത്തിൽ പങ്കെടുത്തു. നോളെജ് മിഷൻ്റെ തെരഞ്ഞെടുത്ത പരിശീലകർ ക്ലാസെടുത്തു. തീരദേശത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ വിജ്ഞാന തൊഴിലിലെത്തിക്കാൻ വേണ്ടി ഫിഷറീസ് വകുപ്പിൻ്റെ സഹകരണത്തോടെ നോളെജ് ഇക്കോണമി മിഷൻ നടത്തുന്ന പ്രത്യേക തൊഴിൽ പദ്ധതിയാണ് തൊഴിൽതീരം. കേരളത്തിലെ 9 തീരദേശ ജില്ലകളിലെ 46 നിയോജകമണ്ഡലങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

5. കേരളകാർഷികസർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ബി വി 380 കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനക്കുണ്ട്. ഒരു കോഴിക്കുഞ്ഞിന് 165/ രൂപയാണ് വില. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ 'സീനിയർ റിസേർച്ച് ഫെല്ലോ' (ക്ലൈമറ്റ് ചേഞ്ച് ആന്റ് എക്കോസിസ്റ്റം സ്റ്റഡീസ്) തസ്തികയിൽ താത്കാലികാടിസ്ഥാനത്തിലുള്ള നിയമനത്തിന് എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇൻ്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് അഗ്രിക്കൾച്ചറൽ മീറ്റിയോറോളജി/മീറ്റിയോറോളജി/ അറ്റ്മോസ്ഫറിക് സയൻസ്/ ക്ലൈമറ്റ് സയൻസ്/ ഇന്റഗ്രേറ്റഡ് ബി.എസ്.സി.-എം.എസ്.സി. ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ എന്നീ വിഷയങ്ങളിലേതിലെങ്കിലും ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01-ന് 32 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മാർച്ച് 13 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ www.rnubberboard.org.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 മാർച്ച് 24, തിങ്കളാഴ്ച** ആരംഭിക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 മാർച്ച് 23, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

8. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **മാർച്ച് 05, 06** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം